LIBRARY ARCHIVES Kerala Legislative Assembly

പുളിക്കാട് മണ്ഡലത്തിൽ ടൂറിസം പദ്ധതി

340 (1006) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുളിക്കാട് മണ്ഡലത്തിൽ പുതുതായി കമ്മീഷൻ ചെയ്ത ചിമ്മിനി ഡാം പ്രദേശത്ത് ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകുവാൻ തയ്യാറാകുമോ ?

ഉത്തരം

പ്രസ്തുത പ്രദേശത്ത് വനംവകുപ്പ് മുഖേന ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

341 (1007) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും. വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ വിനോദ സഞ്ചാരവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജമണ്ഡലത്തിൽപ്പെട്ട വയ്യാങ്കരചിറയിൽ ടൂറിസം വികസനത്തിനായി ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി 2,59,52,000 രൂപയുടെ (രണ്ട് കോടി അൻപത്തിഒൻപത് ലക്ഷത്തിയമ്പത്തി രണ്ടായിരം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. കിറ്റ്കോ എന്ന സ്ഥാപനത്തെ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിനോദസഞ്ചാര പ്രവർത്തന മികവിന് അവാർഡ്

342 (1008) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവാർഡുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;